# ഹയർ സെക്കന്ററി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പ് - സബോർഡിനേറ്റ് സർവ്വീസിലെ യോഗ്യരായ അദ്ധ്യാപകരുടെ - തസ്തികമാറ്റ നിയമനം ഹയർ സെക്കന്ററി (ജൂനിയർ) മലയാളം അദ്ധ്യാപക തസ്തികയിൽ - 16180-29180/- രൂപ ശമ്പളസ്കെയിലിൽ - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്** - സംബന്ധിച്ച്.

**നം. എഡി.സി 5/17167/2011/എച്ച്.എസ്.ഇ** **തീയതി : 22/02/2012**

പരാമർശം : 1. 16/04/2001 ലെ സർക്കാർ ഉത്തരവ് നം.144/2001/പൊ.വി.വ.
2. 02/09/2008 ലെ സർക്കാർ കത്ത് നം. 11373/യു 1/08/പൊ.വി.വ.
3. 30/09/2008 ലെ എഡി.ബി.2/2701/ഹ.സെ.വി/08/നം.വിജ്ഞാപനം.
4. 21/12/2010 ലെ എഡി.ബി.2/2701/ഹ.സെ.വി/08 നം.ഉത്തരവ്.
5. 23/07/2011 ലെ എ.ഡി.സി.5/17167/ഹ.സെ.വി/11 നം.ഉത്തരവ്.
6. 29/10/2011 തീയതിയിലെ എ.ഡി.സി.5/17167/11/ഹ.സെ.വി. നം.ഉത്തരവ്.

# ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ്, പരാമർശം (2) സർക്കാർ കത്ത് എന്നിവയ്ക്കു വിധേയമായി കേരള ഗവ: ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപക തസ്തികകളിൽ 31/07/2008 വരെ കാലയളവിൽ തസ്തികമാറ്റം വഴി നിയമനം നടത്താവുന്ന ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസവകുപ്പിലെ യോഗ്യരായ അധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി.

പരാമർശം (4) പ്രകാരം പ്രസ്തുത അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ്, ഓരോ തസ്തികയിലേയും ഒഴിവുകളുടെ ലഭ്യത ഇവ പ്രസിദ്ധീകരിച്ചു.

പരാമർശം (5) പ്രകാരം 41 എച്ച്.എസ്.എ മാർക്ക് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം അദ്ധ്യാപകരായി തസ്തികമാറ്റ നിയമനം നൽകിയിരുന്നു. ഇതിൽ 31 പേർ നിയമനം നിരസിച്ചതിനാൽ അവരുടെ നിയമനം റദ്ദുചെയ്തിരുന്നു. ഈ സാഹചര്യത്തിലുണ്ടായ 31 ഒഴിവുകളിലേയ്ക്ക് പരാമർശം (6) പ്രകാരം യോഗ്യരായ എച്ച്.എസ്.എ മാരെ നിയമിച്ചിരുന്നു. ഇതിൽ 26 പേർ അവർക്ക് കിട്ടിയ നിയമനം നിരസിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ മേൽപ്പറയുന്ന 26 ഒഴിവുകളിലേയ്ക്ക് യോഗ്യരായ എച്ച്.എസ്.എ മാരെ അവരുടെ പേരിനുനേരെ സൂചിപ്പിച്ചിരിക്കുന്ന സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം ആയി 16180-29180/- രൂപ ശമ്പള സ്കെയിലിൽ നിയമിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേരും വിലാസവും | തസ്തികമാറ്റം വഴി നിയമിക്കപ്പെട്ട സ്കൂൾ |
|---|---|---|---|
| 1 | 105 | Pushpavally P<br>GHSS Panankandy, Korani P O, Wayanad | GHSS Sulthan Bathery, Wayanad (12009) |
| 2 | 106 | Ashraf A<br>GHSS Naduvannur, Kozhikode | GHSS Pandi<br>Kasaragode (14101) |
| 3 | 107 | Raghu Nathan M<br>GMHSS Kozhikode | GHSS Belal,<br>Kasaragode (14099) |
| 4 | 108 | Suneethi T P<br>Govt. Ganapath BHS<br>Chalappuram, Kozhikode | GHSS Padinjarathara, Wayanad (12008) |
| 5 | 109 | Muraleedaran M V<br>GVHSS Balussery, Kozhikode | GHSS Attenganam,<br>Kasaragode (14092) |

| | | | |
|---|---|---|---|
| 6 | 110 | Alias V P<br>GMHSS Kozhikode | GHSS Uppilikkai,<br>Kasaragode (14091) |
| 7 | 111 | Pradeep Kumar A<br>GVHSS Madappally, Kozhikode | GHSS Alampady,<br>Kasaragode (14057) |
| 8 | 112 | Janardanan Kokkoprath Edyile<br>GVHSS for Girls, Kasaragode | GHSS Angadimugar,<br>Kasaragode (14051) |
| 9 | 113 | J Suresh<br>GHSS Anchal West, Kollam | GHSS Amaravathy,<br>Idukki (6001) |
| 10 | 114 | Santha K P<br>GVHSS Payyoli, Kozhikode | GHSS Valat, Wayanad<br>(12012) |
| 11 | 115 | Mini J<br>GVHSS Eravipuram<br>Thattamala, Kollam | GHSS Thrissilery,<br>Wayanad (12031) |
| 12 | 116 | Unnikrishnan Ampalamathil<br>GHSS Vatakara, Kozhikode | GHSS Kattikulam,<br>Wayanad (12032) |
| 13 | 117 | Sreevalsan T G<br>GVHSS Pathirippala,<br>Palakkad | GHSS Perikkalloor,<br>Wayanad (12038) |
| 14 | 118 | Achuthan A<br>GHSS Koduvayur, Palakkad | GHSS Niravaram,<br>Wayanad (12041) |
| 15 | 119 | T K Ramani<br>GVHSS Meppayur, Kozhikode | GHSS Achoor,<br>Wayanad (12050) |
| 16 | 120 | Bhavani C<br>GVHSS for Boys, Koyilandy,<br>Kozhikode | GHSS Kalloor,<br>Wayanad (12051) |
| 17 | 121 | Shylaja T V<br>GHSS Chenad.P.O,<br>Chethalayan SB, Wayanad | Govt. Sarvajana VHSS,<br>Sulthan Bathery (12052) |
| 18 | 122 | P S Prabhavathy Amma<br>GGHSS, Aluva, Ernakulam | Panchayath HSS<br>Thrissur (8160) |
| 19 | 123 | Sudha P K<br>GMHSS Vellamunda, Wayanad | GHSS Mulankavu,<br>Noolpuzha, Wayanad (12030) |
| 20 | 124 | Prabhakaran V P<br>GVHSS Madappally, Vatakara,<br>Kozhikode | GHSS Balanthode,<br>Kasaragode (14019) |
| 21 | 125 | Mariam K V<br>GMHS Palakuzha, Ernakulam | Alagappa Nagar Panchayath<br>HSS, Thrissur (8162) |
| 22 | 126 | Sudha P<br>GHSS Pattambi, Palakkad | MRHSS Thrithala, Palakkad<br>(9107) |
| 23 | 127 | EN Narayanan<br>GVHSS Patrhirippala, Palakkad | GHSS Belleru,<br>Kasaragode (14046) |
| 24 | 128 | Renjini M<br>GHSS Pattambi, Palakkad | GHSS Munnoorkode,<br>Palakkad (9016) |
| 25 | 129 | Gangadharan P<br>GHSS Pattambi, Palakkad | GHSS Edaneer,<br>Kasaragode (14044) |
| 26 | 130 | Remadevi C<br>GMVHSS Nadavaramba,<br>Irinjalakuda, Thrissur | GHSS Pullut, Thrissur (8165) |

2011-2012 ലെ പൊതുസ്ഥലമാറ്റ സമയത്ത് പൊതുസ്ഥലമാറ്റ നിയമങ്ങൾക്കനുസൃതമായി കൂടുതൽ അർഹരായവർ/സീനിയർ അധ്യാപകർ ഈ സ്കൂളുകളിലേയക്ക് സ്ഥലമാറ്റം ആവശ്യപ്പെടുന്നപക്ഷം, അധ്യാപികയെ ഇപ്പോൾ നിയമിച്ചിരിക്കുന്ന സ്കൂളിൽ നിന്നും മാറ്റി നിയമിക്കുന്നതാണെന്ന് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.

തസ്തികമാറ്റ നിയമന ഉത്തരവ് ലഭിച്ച അധ്യാപിക ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

അപേക്ഷയിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നതിനാൽ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ളതും സീനിയോറിറ്റി ലിസ്റ്റിൽ സൂചിപ്പിച്ചിരിക്കുന്നതുമായ എല്ലാ യോഗ്യതകളും നേടിയിട്ടുള്ളവരാണ് നിയുക്ത അധ്യാപകർ എന്ന് പ്രിൻസിപ്പൽമാർ അസൽ പ്രമാണങ്ങളും രേഖകളും പരിശോധിച്ചുറപ്പുവരുത്തിയതിനുശേഷം മാത്രം അവരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ഒഴിവുള്ള തസ്തികയിലെ ജോലിഭാരം ആഴ്ചയിൽ 15 പീരിയഡിൽ താഴെ മാത്രമാണ് എന്നകാര്യവും ഉറപ്പുവരുത്തേണ്ടതാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റം നേടിയ അധ്യാപകരുടെ സീനിയോറിറ്റി പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിമുതൽക്കുമാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും 31/07/2008 ന് ആ ജില്ലയിൽ 2 വർഷ പ്രൊബേഷൻകാലം പൂർത്തിയാക്കിയിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്. സർവ്വീസ്, യോഗ്യതകൾ ഇവ സംബന്ധിച്ച ഏതെങ്കിലും വിവരങ്ങൾ മറച്ചുവച്ച് തസ്തികമാറ്റ നിയമനം നേടിയതായി ഭാവിയിൽ ബോധ്യപ്പെടുന്നപക്ഷം അത്തരത്തിൽ നിയമനം നേടിയ അധ്യാപകന്റെ/അധ്യാപികയുടെ തസ്തികമാറ്റ നിയമനം റദ്ദാക്കുന്നതിനുള്ള അധികാരം ഹയർ സെക്കന്ററി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

തസ്തികമാറ്റ നിയമനം ലഭിച്ച ടി അധ്യാപിക നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചോ ഇല്ലയോ എന്ന വിവരം പ്രിൻസിപ്പൽ യഥാസമയം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്.

**ഒപ്പ്/-**
**അനിൽകുമാർ.എസ്.എസ്**
**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**
**ഡയറക്ടർ-ഇൻ-ചാർജ്ജ്**